**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1157 — 11.07.2011-ൽ മറുപടിയ്ക്ക്

**ചേലക്കര മണ്ഡലത്തിൽ പഴം-പച്ചക്കറി ഉല്പാദന -സംഭരണ-വിപണന പദ്ധതി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. കെ . പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) ചേലക്കര മണ്ഡലത്തിൽ കൃഷി-വ്യവസായ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ കേന്ദ്ര സർക്കാരിന്റെ കൂടി സഹായത്തോടെ പഴം - പച്ചക്കറി ഉല്പാദന-സംഭരണ - വിപണന പദ്ധതി ആവിഷ്കരിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;<br>(സി) പഴം - പച്ചക്കറി കർഷകർക്ക് ഏറ്റവും ഗുണകരമായ ഈ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (ബി) & (സി) തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാമ പഞ്ചായത്തിൽ കൃഷി - വ്യവസായ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ കേന്ദ്ര സർക്കാരിന്റെകൂടി സഹായത്തോടെ "Integrated Post Harvest Management Centre and Cold Chain for Horticulture Projects" എന്ന പദ്ധതി നടപ്പിലാക്കുവാൻ ദേശീയ ഹോർട്ടികൾച്ചർ മിഷൻ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. 1176.95 ലക്ഷം മുതൽമുടക്കുള്ള ഈ പദ്ധതിക്ക് ദേശീയ ഹോർട്ടികൾച്ചർ മിഷന്റെ ധനസഹായം |

194.90 ലക്ഷം രൂപയാണ്. സബ്സിഡി തുകയ്ക്ക് പുറമെയുള്ള തുക ലഭ്യമാക്കുവാൻ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സർക്കാരിന്റെ ഉറപ്പിൻമേൽ വായ്പ കണ്ടെത്തണമെന്നും, പദ്ധതിയുടെ നടത്തിപ്പിനായി ഒരു സൊസൈറ്റിയോ, സ്പെഷ്യൽ പർപ്പസ് വെഹിക്കിളോ (SPV) സ്ഥാപിക്കണമെന്ന് ദേശീയ ഹോർട്ടികൾച്ചർ മിഷന്റെ മാർഗ്ഗനിർദ്ദേശങ്ങളുണ്ട്. പ്രസ്തുത പരാമർശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ വ്യവസായ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതിക്ക് ദേശീയ ഹോർട്ടികൾച്ചർ മിഷന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ